# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 629      28/10/2011 ൽ മറുപടിയ്ക്ക്

### അനർഹമായ അപേക്ഷകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ബി.സത്യൻ:<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ:<br>ശ്രീ.കെ.സുരേഷ് കുറുപ്പ്:<br>ശ്രീ.കെ.വി.വിജയദാസ്: | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| എ) ആധുനികവൽക്കരണത്തിനു ശേഷവും പി.എസ്.സി.യിൽ അന്തിമമായി തീർപ്പാക്കാതെ ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 30.09.2011 വരെയുള്ള കണക്കനുസരിച്ച് 1023 കാറ്റഗറികളിലായി വിജ്ഞാപനം ചെയ്ത വിവിധ തസ്തികകളുടെ 77,68,422 അപേക്ഷകൾ തീർപ്പാക്കാനായി നിലവിലുണ്ട്. |
| (ബി) യോഗ്യതകൾ ആദ്യഘട്ടത്തിൽ പരിശോധിക്കുന്ന സാഹചര്യം ഇപ്പോൾ ഇല്ലാത്തതിനാൽ ആർക്കും അപേക്ഷിക്കാം എന്ന സ്ഥിതിയുള്ളതും അതുവഴി അനർഹരും അപേക്ഷിച്ചു വരുന്നതും, ആയതിനാൽ അപേക്ഷകൾ പെരുകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) യോഗ്യതയില്ലാത്തവർ അപേക്ഷിച്ചാൽ, പ്രാഥമിക ഘട്ടത്തിൽതന്നെ അവ കണ്ടെത്താനും തിരസ്കരിക്കാനും അനുയോജ്യമായ നടപടി പി.എസ്.സി. സ്വീകരിക്കുമോ ? | (സി) കമ്മീഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനികവല്ക്കരണ പദ്ധതിയുടെ ഭാഗമായി ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പിലാക്കി കഴിയുമ്പോൾ അനർഹരായ അപേക്ഷകരെ ആരംഭത്തിൽതന്നെ കണ്ടെത്തി അവരുടെ അപേക്ഷകൾ നിരസിക്കാൻ കഴിയും. ഈ സംവിധാനം 01.01.2012 മുതൽ നടപ്പിലാക്കാനുള്ള ഊർജ്ജിത നടപടികളുമായി കമ്മീഷൻ മുൻപോട്ട് പോയിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ